**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2275** 08.05.2017- ൽ മറുപടിക്ക്

**ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.വി. രാജേഷ്** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദാംശം നൽകുമോ? | ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ 1/100 (പിലാത്തറ) മുതൽ 5/200 (ചന്തപ്പുര) വരെ എം.എൽ.എയുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ബി.എം & ബി.സി. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2016- ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത റോഡിന്റെ 5/200 (ചന്തപ്പുര) മുതൽ 9/500 (മാതമംഗലം) വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 03.03.2016 -ൽ കരാറുകാരന് സൈറ്റ് കൈമാറിയിരുന്നു. ബിറ്റുമിനസ് മെക്കാഡം പ്രവൃത്തിയും ക്രോസ് ഡ്രെയിനേജ് പ്രവൃത്തിയും ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ആകെ പ്രവൃത്തിയുടെ 50% പ്രവൃത്തി കാലാവധിക്കുള്ളിൽ കരാറുകാരൻ പൂർത്തീകരിക്കുകയും, കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് ബാക്കി പൂർത്തീകരിക്കുന്നതിന് 31.03.2017 വരെ കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ക്രഷറുകൾ പ്രവർത്തിക്കാത്തതിനാൽ മെറ്റീരിയൽസിന്റെ ലഭ്യതക്കുറവ് മൂലം പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 30.11.2017 വരെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. ബിറ്റുമിനസ് മെക്കാഡം ചെയ്തതിനാൽ പ്രസ്തുത റോഡ് ഇപ്പോൾ ഗതാഗതയോഗ്യമാണ്. |

സെക്ഷൻ ഓഫീസർ